# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 2381** **08.05.2017 ൽ മറുപടിയ്ക്ക്**

**സീമാറ്റിന്റെ കീഴിലുള്ള അക്കാദമിക് വിഭാഗം നടത്തുന്ന പരിശീലനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് സീമാറ്റിന്റെ കീഴിലുള്ള അക്കാദമിക് വിഭാഗം നടത്തുന്ന പരിശീലനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന വിദ്യാഭ്യാസ ഓഫീസർമാർക്ക് (ഹെഡ്മാസ്റ്റർ, എ.ഇ.ഒ, ഡി.ഇ.ഒ, ഡി.ഡി.ഇ, ഡയറ്റ് പ്രിൻസിപ്പൽമാർ, ഡിപി.ഒ, ഹയർസെക്കണ്ടറി ആർ.ഡി.ഡി, വൊക്കേഷണൽ ഹയർ സെക്കണ്ടറി അസിസ്റ്റന്റ് ഡയറക്ടർമാർ, ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർ) എന്നിവർക്ക് വിദ്യാഭ്യാസ മാനേജ്മെന്റിൽ പരിശീലനം നൽകുന്ന ജോലിയാണ് പ്രധാനമായും 'സീമാറ്റ്-കേരള' നിർവ്വഹിച്ചു വരുന്നത്. മേൽപ്പറഞ്ഞതിന് പുറമേ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള മാനേജ്മെന്റ് പരിശീലനം, റിസോഴ്സ് ടീച്ചേഴ്സിനുള്ള മാനേജ്മെന്റ് പരിശീലനം, അറബിക്-ഉറുദു കോംപ്ലക്സ് സെക്രട്ടറിമാർക്കുള്ള മാനേജ്മെന്റ് പരിശീലനം, എന്നിവ സീമാറ്റിന്റെ അക്കാദമിക് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. സർക്കാരിന്റെ പ്രഖ്യാപിത പരിപാടിയായ നവകേരളമിഷന്റെ ഭാഗമായുള്ള 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിന്റെ മാനേജ്മെന്റ് ട്രെയിനിംഗ് സംബന്ധമായ ജോലികൾക്കും 'സീമാറ്റ്- കേരള'യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| ബി) പരിശീലനങ്ങൾ പലപ്പോഴും ചടങ്ങായി മാറാറുണ്ടെന്ന പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) 'സീമാറ്റ്-കേരള' യുടെ നേതൃത്വത്തിൽ കാര്യക്ഷമമായ മാനേജ്മെന്റ് പരിശീലനങ്ങളാണ് നടത്തിവരുന്നത്. സമയനിഷ്ഠയെക്കുറിച്ചും സീമാറ്റ് റിസോഴ്സ് പേഴ്സൺ/എക്സ്പെർട്ട് ആയി നിയോഗിക്കുന്ന വ്യക്തികളെക്കുറിച്ചും വളരെ നല്ല അഭിപ്രായമാണ് പൊതുവിലുള്ളത്. പരിശീലനങ്ങൾ ചടങ്ങായി മാറുന്നുണ്ടെന്ന പരാതി നാളിതുവരെ അധികൃതരുടെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ആക്ഷേപം ശ്രദ്ധയിൽപ്പെട്ടാൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സത്വരമായി കൈക്കൊള്ളുന്നതാണ്. |

| | | | |
|---|---|---|---|
| സി) | വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിദഗ്ധരും അവതരണ ശൈലിയിൽ പ്രത്യേക കഴിവുള്ളവരുമായ അദ്ധ്യാപകരെ ഇതിന്റെ ഫാക്കൽറ്റിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; | സി) | സീമാറ്റ്-കേരള നടത്തുന്ന മാനേജ്മെൻറ് പരിശീലനങ്ങൾക്കായി, അതാത് വിഷയങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച, വിദ്യാഭ്യാസ വകുപ്പിലും മറ്റ് ഇതരവകുപ്പുകളിലും ഉന്നത പദവി അലങ്കരിക്കുന്നവരോ വിരമിച്ചവരോ ആയ വിദഗ്ധരെയാണ് നിയോഗിക്കാറുള്ളത്. കൂടാതെ കാലാകാലങ്ങളിൽ പത്രപ്പരസ്യത്തിലൂടെ വിദഗ്ധരുടെ അപേക്ഷ ക്ഷണിക്കുകയും ഒരു വിദഗ്ധ പാനൽ ഉണ്ടാക്കുകയും അതിൽ നിന്ന് തെരെഞ്ഞെടുക്കപ്പെടുന്നവരെയാണ് ഫാക്കൽറ്റി യായി നിയമിക്കുകയും ചെയ്യുന്നത്. |
| ഡി) | മാനേജ്മെൻറ് പരിശീലനം ലഭിച്ചവർ സ്കൂളുകളിലും ഓഫീസുകളിലും ഈ കഴിവ് ഉപയോഗിക്കുന്നില്ലെന്ന പരാതിയും പരിശീലനത്തിന്റെ പോരായ്മയും പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) | മാനേജ്മെൻറ് പരിശീലനം ലഭിച്ചവർ സ്കൂളുകളിലും ഓഫീസുകളിലും അവരുടെ കഴിവുകൾ ഉപയോഗിക്കുന്നുണ്ടോ യെന്ന് പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളിലെ മേലധികാരികളാണ്. എന്നാൽ സീമാറ്റിൽ നിന്നും ലഭിക്കുന്ന പരിശീലനത്തിന് പോരായ്മകളുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ